## പതിനാലാം കേരള നിയമസഭ
## ഒന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 423 29.06.2016-ൽ മറുപടിയ്ക്ക്

## ഇലക്ട്രിക്കൽ സബ് സ്റ്റേഷൻ ആരംഭിക്കാൻ നടപടി

| ചോദ്യം<br>ശ്രീ. പാറക്കൽ അബ്ദുള്ള : | | ഉത്തരം<br>ശ്രീ. കടകംപള്ളി സുരേന്ദ്രൻ<br>(വൈദ്യുതിയും ദേവസ്വവും വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | കോഴിക്കോട് ജില്ലയിലെ കുറ്റ്യാടിയിലും സമീപ പഞ്ചായത്തുകളിലുമുള്ള വോൾട്ടേജ് ക്ഷാമവും വൈദ്യുതി വിതരണരംഗത്തടക്കമുള്ള മറ്റ് പ്രശ്നങ്ങളും സർക്കാരിന്റെ ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ ; | (എ) | കുറ്റ്യാടിയിലും സമീപ പഞ്ചായത്തുകളിലും കാലവർഷക്കെടുതിയിൽ സംഭവിച്ചിട്ടുള്ള വൈദ്യുതി തടസ്സങ്ങളല്ലാതെ മറ്റ് പ്രശ്നങ്ങൾ ഒന്നും ശ്രദ്ധയിൽ പെട്ടിട്ടില്ല. |
| (ബി) | കക്കയത്തു നിന്നുള്ള 110 കെ. വി. ഇലക്ട്രിക് ലൈൻ കടന്നുപോകുന്നത് കുറ്റ്യാടി മണ്ഡലത്തിലെ വേളത്തു കൂടിയാണെന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ ; | (ബി) & (സി) | കക്കയത്തു നിന്നും നിലവിലുള്ള 110 കെ.വി. ലൈൻ കുററ്യാടി മണ്ഡലത്തിലെ വേളത്തുകൂടി കടന്നു പോകുന്നില്ല. എന്നാൽ കക്കയം ജനറേറ്റിംഗ് സ്റ്റേഷനിൽ നിന്നും, 220 കെ.വി. സബ് സ്റ്റേഷൻ ഓർക്കട്ടേരിയിലേക്ക് ഉള്ള നിർദ്ദിഷ്ട 110 കെ.വി. ലൈൻ വേളം പ്രദേശത്തിൻെറ ചില ഭാഗങ്ങളിൽ കൂടിയാണ് നിർമ്മിക്കാൻ ഉദ്ദേശിച്ചിട്ടുള്ളത്. ഇതിൻെറ എസ്റ്റിമേറ്റ് പുതുക്കി തയ്യാറാക്കി വരുന്നു.<br><br>പ്രസ്തുത ഭാഗത്ത് സ്ഥലം ലഭ്യമായാൽ സാങ്കേതിക പഠനം നടത്തി ആവശ്യമെന്നു കണ്ടാൽ അവിടെ സബ് സ്റ്റേഷൻ നിർമ്മാണത്തിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. |
| (സി) | എങ്കിൽ കുറ്റ്യാടി മണ്ഡലത്തിലെയും സമീപ പ്രദേശങ്ങളിലെയും വൈദ്യുതി പ്രശ്നങ്ങൾക്ക് പരിഹാരമായി 'വേളം' കേന്ദ്രമായി ഒരു ഇലക്ട്രിക്കൽ സബ് സ്റ്റേഷൻ ആരംഭിക്കുന്ന കാര്യം പരിഗണിക്കുമോ ; വിശദാംശങ്ങൾ നൽകുമോ ? | | |

Hemalatha

**സെക്ഷൻ ഓഫീസർ.**